സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജി-സ്പാർക്ക് സംവിധാനം നടപ്പിലാക്കിയത് സംബന്ധിച്ച്.**

---

**ആർ.ഒ.സി: 16335/17/ഇ.ഡി.പി** **തീയതി: 29.01.2026**

---

**പരാമർശം:-**

(1)01/07/2025 ലെ മേൽ നമ്പർ സർക്കുലർ.

(2)ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 18/12/2025 -ലെ ഡി.എ.നം. 568/25/ജി-സ്പാർക്ക് നമ്പർ കത്ത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശമ്പള വിതരണം സംബന്ധിച്ച കാര്യങ്ങൾ കാര്യക്ഷമവും സുതാര്യവും വേഗതയേറിയതും ആക്കുന്നതിനായി ജി-സ്പാർക്ക് നടപ്പിലാക്കുന്നതിനായി 2023 ഏപ്രിൽ മാസത്തിൽ തന്നെ നടപടികൾ സ്വീകരിച്ചിരുന്നതാണ്. എന്നാൽ പല സാങ്കേതിക കാരണങ്ങളാലും ബോർഡിന്റെ എല്ലാ ആഫീസുകളിലും ജി.സ്പാർക്ക് മുഖാന്തിരം ശമ്പളം നൽകുന്നതിന് കഴിയാതെ വന്നത് പരിഗണിച്ച് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കുലറിൽ "ജി-സ്പാർക്കിലെ സാങ്കേതിക തടസ്സങ്ങൾ കാരണമോ, സർവ്വീസ് ബ്രേക്ക് റെഗുലറൈസേഷൻ, സ്ഥലം മാറ്റം എന്നീ കാരണങ്ങളാലോ ജി.സ്പാർക്ക് വഴി ശമ്പളം പ്രോസസ് ചെയ്യുവാൻ കഴിയാത്ത ജീവനക്കാർക്ക് അവരുടെ ശമ്പളം മാനുവലായി പ്രോസസ് ചെയ്യേണ്ടതാണ്" എന്നുകൂടി നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി ഇളവ് ഉപയോഗപ്പെടുത്തി ഇപ്പോഴും പല ആഫീസുകളിലും മാനുവലായി മാത്രം ശമ്പള വിതരണം ചെയ്തു വരുന്നതായും, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷനായി ജി-സ്പാർക്ക് സംവിധാനം പരിപൂർണ്ണമായി നടപ്പിലാക്കേണ്ടത് നിർബന്ധമാകയാൽ ജി-സ്പാർക്ക് സംവിധാനം കർശനമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഉത്തരവുണ്ടാകുന്നതിലെയ്ക്കായി ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ (പരാമർശം 2) കത്ത് ലഭ്യമായി.

ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ (പരാമർശം 2) കത്ത് ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

1. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും പാർട്ടൈം ഉൾപ്പെടെയുള്ള ജീവനക്കാരുടെ (കാരാണ്മ/ദിവസവേതന ജീവനക്കാർ ഒഴികെ) ശമ്പളം ജി-സ്പാർക്ക് മുഖാന്തിരം മാത്രം പ്രോസസ്സ് ചെയ്ത് വിതരണം ചെയ്യുന്നതിനു കർശന നിർദ്ദേശം നൽകി ഉത്തരവാകുന്നു.

2. ജി-സ്പാർക്ക് മുഖാന്തിരം മാത്രമേ 2026 ഏപ്രിൽ മാസത്തെ ശമ്പളം (മെയ് 1 മുതൽ നൽകുന്നത്) പ്രോസസ്സ് ചെയ്യേണ്ടതുള്ളുവെന്നതിനാൽ, ഇക്കാര്യത്തിൽ ഇപ്പോൾ എന്തെങ്കിലും ബുദ്ധിമുട്ട് നേരിടുന്ന പക്ഷം ആയത് ബന്ധപ്പെട്ട ഡി.ഡി.ഒ-മാർ അടിയന്തിര പ്രാധാന്യം നൽകി ദേവസ്വം കമ്മീഷണർ ആഫീസിലെ ഐ.റ്റി ഡിവിഷനുമായി ബന്ധപ്പെട്ട് 13/02/2026-ന് മുൻപായി പരിഹരിക്കുന്നതിന് കർശന നിർദ്ദേശം നൽകി ഉത്തരവാകുന്നു.

3. 2026 ഏപ്രിൽ മാസത്തെ ശമ്പളം (മെയ് 1 മുതൽ നൽകുന്നത്) ജി-സ്പാർക്ക് മുഖാന്തിരം മാത്രം പ്രോസസ്സ് ചെയ്യുന്നതിനും ആയതിൽ വീഴ്ച്ച വരുത്തുന്ന ഡി.ഡി.ഒ–മാരുടെ വിവരം ദേവസ്വം അക്കൗണ്ട്സ് ആഫീസർ അടിയന്തിരമായി ദേവസ്വം കമ്മീഷണർക്കും, ചീഫ് എഞ്ചിനീയർക്കും റിപ്പോർട്ട് ചെയ്യേണ്ടതും സത്വര നടപടികൾ സ്വീകരിക്കേണ്ടതിനും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

(ഒപ്പ്)

സെക്രട്ടറി

അംഗീകാരത്തോടെ

Assistant Secretary
High Court Audit
Thiruvananthapuram

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
ഡിജിറ്റൈസേഷൻ

**വിവരമറിവാനും വേണ്ടുന്ന മേൽ നടപടി സ്വീകരിക്കുന്നതിനുമായി പകർപ്പ്:-**

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ
3. തിരുവാഭരണം കമ്മീഷണർ
4. ലാ ആഫീസർ
5. ഫൈനാൻസ് & അക്കൗണ്ട്സ് ഓഫീസർ
6. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ

7. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
8. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
9. ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം
10. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
11. എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
12. എല്ലാ അസിസ്റ്റന്റ് സെക്രട്ടറിമാർക്കും
13. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
14. എല്ലാ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർമാർക്കും
15. ഐ.റ്റി ഡിവിഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
16. സെക്ഷൻ ഫയൽ
17. ഫയൽ ബുക്ക്
18. ഓഫീസ് കോപ്പി